**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1622 — 04/12/2015-ൽ മറുപടിയ്ക്ക്

## മാമം നാളികേര കോംപ്ലക്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എത്ര ഘട്ടത്തിലാണെന്നും ഇതിനായി ഏത് ഫണ്ടിൽ നിന്ന് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും പ്രവർത്തനം എന്ന് പൂർണ്ണ സ്ഥിതിയിൽ എത്തുമെന്നും വിശദമാക്കാമോ; | എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഉല്പാദനം നടത്തി വരുന്നു. R.KV.Y പദ്ധതി പ്രകാരം ലഭിച്ച 2 കോടി രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. പ്രവർത്തനം എന്നത്തേക്ക് പൂർണ്ണസ്ഥിതിയിലെത്തുമെന്ന കാര്യം ഇപ്പോൾ പറയുക പ്രയാസമാണ്. |
| ബി) പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവരെ ഏത് തസ്തികകളിലാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | ബി) പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി ആരെയും സ്ഥിരമായി നിയമിച്ചിട്ടില്ല. |
| സി) പ്രസ്തുത സ്ഥാപനത്തിന്റെ നിയന്ത്രണം ഇപ്പോൾ ആർക്കാണെന്നും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കുമോ? | സി) പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടം തിരുവനന്തപുരത്തുള്ള നാളികേര വികസന കോർപ്പറേഷൻ രജിസ്റ്റേർഡ് ഓഫീസിന്റെ ചുമതലയുള്ള ജനറൽ മാനേജർക്കാണ്. |

സെക്ഷൻ ഓഫീസർ